# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 9**

---

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജ് തലമുറകളുടെ സംഗമം

## അനുഭവങ്ങളുടെ വെളിച്ചത്തിൽ അകലം വഴിമാറി; അഹ്ളാദത്തോടെ അവർ ഒന്നായി

.................

മൊബൈൽ ഫോണിന് അവധികൊടുത്ത് വിദ്യാർഥികൾ മുതിർന്നവരുടെ അറിവുകളും അനുഭവങ്ങളും കേട്ടു. ഒരു പകലുകൊണ്ട് ഒരുപാട് അടുത്തവർക്കൊപ്പമിരുന്ന് ഉച്ചഭക്ഷണം കഴിച്ചു. ഒടുവിൽ യാത്ര പറയുമ്പോൾ മനസു തുറന്നു പറഞ്ഞു; മറക്കില്ല ഈ ദിവസം.

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ(യു3എ) ആഭിമുഖ്യത്തിൽ കോട്ടയം ബി.സി.എം കോളജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച തലമുറകളുടെ സംഗമമാണ് മുതിർന്നവർക്കും വിദ്യാർഥികൾക്കും അവിസ്മരണീയ ദിനം സമ്മാനിച്ചത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ നൂറു മുതിർന്നവരും കോട്ടയത്തെ നൂറു വിദ്യാർഥികളുമാണ് പരിപാടിയിൽ പങ്കെടുത്തത്. ഉദ്ഘാടനച്ചടങ്ങിനുശേഷം രണ്ടു തലമുറയിലെയും ഓരോരുത്തർ വീതം ജോഡികളായിരുന്ന് സ്വയം പരിചയപ്പെടുത്തുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നതായിരുന്നു അദ്യ പടി. ഇങ്ങനെ കൂട്ടായവർ ഒന്നിച്ചിരുന്ന് ഉച്ചഭക്ഷണം കഴിച്ചു.

തുടർന്ന് ഇത്തരം അഞ്ചു ജോഡികൾ വീതം ഒത്തുചേർന്നു. രാവിലെ സംവദിച്ചതിന്റെ അനുഭവങ്ങൾ പുതു തലമുറ പങ്കുവച്ചപ്പോൾ മുതിർന്നവർ കേഴ്വിക്കാരായി. മുൻ തലമുറയുമായി ഇക്കാലമത്രയും പുലർത്തിയിരുന്ന അകലമോർത്ത് ചില വിദ്യാർഥികൾക്ക് കണ്ണുനിറഞ്ഞു.

പ്രതിസന്ധികളിൽനിന്ന് പൊരുതിക്കയറിയ മുതിർന്നവരുടെ ജീവിതം നൽകുന്ന പ്രചോദനമാണ് ചിലർ പങ്കുവച്ചത്. മറ്റു ചിലർ തിരിച്ചറിവുകളുടെ വഴിയിലേക്ക് ചുവടുവയ്ക്കാനായതിന്റെ സന്തോഷമറിയിച്ചു.

മുതിർന്ന തലമുറയുടെ അറിവുകളും അനുഭവങ്ങളും സമൂഹത്തിന് ഗുണകരമാകുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ ലക്ഷ്യമിടുന്ന യു3എ ഇതിനുള്ള നടപടികളുടെ ഭാഗമായാണ് തലമുറകൾക്കിടയിലുള്ള അകലം കുറയ്ക്കുന്നതിനായി സംഗമം സംഘടിപ്പിച്ചത്.

കോട്ടയം ബി.സി.എം കോളജിലെയും മഹാത്മാ ഗാന്ധി സർവകലാശാലയിലെയും എം.എസ്.ഡബ്ല്യു വിദ്യാർഥികളാണ് പരിപാടിയിൽ പങ്കെടുത്തത്. സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൻറെയും(ഐ.യു.സി.ഡി.എസ്) ബി.സി.എം കോളജിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച സംഗമം സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സംഗമം ഉദ്ഘാടനം ചെയ്തു.

പൊതു സമൂഹത്തിനും അക്കാദമിക് മേഖലയ്ക്കും നിർണായകമായ സംഭാവന ചെയ്യാനും അതുവഴി ഒരു മാതൃകാ കൂട്ടായ്മയായി മാറാനും എം.ജി സർവകലാശാലയിലെ യു3എയ്ക്ക് കഴിയുമെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ പറഞ്ഞു.

ഐ.യു.സി.ഡി.എസ് ഡയറക്ടർ ഡോ. പി.ടി ബാബുരാജ് അധ്യക്ഷത വഹിച്ച ചടങ്ങിൽ യു3എ മെൻറർ ഡോ. സി. തോമസ് ഏബ്രഹാം ആമുഖ പ്രസംഗം നടത്തി. ഡോ. ടോണി കെ. തോമസ്, സർവകലാശാലാ ഐ.ക്യു.എ.എ.സി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, ബി.സി.എം കോളജ് മാനേജർ ഫാ. ഫിൽമോൻ കളത്ര, പ്രിൻസിപ്പൽ സിസ്റ്റർ സ്റ്റെഫി തോമസ് ജനറൽ കൺവീനർ ഡോ ഗ്രേസമ്മ മാത്യു, ബി.സി.എം കോളജ് സോഷ്യൽ വർക്ക് വകുപ്പ് മേധാവി ഡോ. ഐപ്പ് വർഗീസ് എന്നിവർ സംസാരിച്ചു.

യു3എയിലെ ഏറ്റവും മുതിർന്ന അംഗങ്ങളായ പാറത്തോട് സ്വദേശി പി.എസ്. ജോണിനെ(94)യും തന്പലക്കാട് സ്വദേശിനി കെ.എം തങ്കമ്മ(90)യെയും ചടങ്ങിൽ ആദരിച്ചു. സംഗമത്തിൻറെ ഭാഗമായി വിവിധ കലാപരിപാടികളും നടന്നു.

(പി.ആർ.ഒ/39/1092/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**